ഏപ്രിൽ 2019

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

2018–19 ലെ സാമ്പത്തിക വർഷത്തിന്റെ സമാപന മാസത്തോട് വിടപറഞ്ഞ് പുതിയ ഒരു സാമ്പത്തിക വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഈ കഴിഞ്ഞ സംവത്സരം നമുക്ക് ലഭിച്ചതായ ധന്യതയാർന്ന അനുഭവങ്ങൾക്കായി നമുക്ക് ദൈവത്തെ സ്തുതിക്കാം. 98% ഇടവകകളിലും 2019–20 ലേക്കുള്ള തിരഞ്ഞെടുപ്പുകൾ സൗഹൃദപരമായി നടന്നു എന്നറിയുന്നതിൽ വളരെയധികം സന്തോഷമുണ്ട്. വ്യാപരിച്ച ദൈവകൃപയ്ക്കായി നമുക്ക് ദൈവത്തെ സ്തുതിക്കാം. എന്നാൽ ചില ഇടവകകളിൽ സ്ഥാനമാനങ്ങൾക്കുവേണ്ടിയുള്ള അമിതമായ ആവേശം മൂലം കൂടുതൽ വൈസ് പ്രസിഡന്റുമാർ ആവശ്യമാണ് എന്നു പറഞ്ഞ്, അസി. വികാരിയുള്ള ഇടവകകളിൽപ്പോലും ഇടവക സംഘയോഗങ്ങൾ ചിലർ അലങ്കോലപ്പെടുത്തിയതിൽ വളരെയധികം ഖേദവുമുണ്ട്. ചില ഇടവകകളിൽ സഭയുടെ ശിക്ഷണത്തിനും സംസ്കാരത്തിനും നിരക്കുന്ന രീതിയിൽ തിരഞ്ഞെടുക്കപ്പെടാതെ വന്നപ്പോൾ ശിക്ഷണബോധമില്ലാതെ പള്ളിയിൽവെച്ചു തന്നെ അഭിലഷണീയമല്ലാത്ത പ്രതികരണങ്ങൾ സൃഷ്ടിക്കുകയും സാമൂഹിക മാധ്യമങ്ങളിലൂടെ അപവാദങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തത് എത്രയോ നിർഭാഗ്യകരമാണ്. ചിലയിടങ്ങളിൽ ഇടവകയുടെയും സഭയുടെയും പേരിൽ നടക്കുന്ന ക്യാമ്പുകളിൽപ്പോലും സഭ അഭിലഷണീയമല്ലാ എന്ന് പ്രഖ്യാപിച്ചിട്ടുള്ള മദ്യാപനാസക്തി, മയക്കുമരുന്നുപയോഗം എന്നിങ്ങനെയുള്ള പ്രലോഭനങ്ങളിൽ പലരും വീണുപോയിട്ടുള്ളതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമ്പുകളിൽ സംബന്ധിക്കുന്ന, പ്രത്യേകിച്ചും സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള കത്തുകളും കിട്ടിയിട്ടുണ്ട്. ഇത്തരം പ്രവണതകളെയെല്ലാം കർത്താവിനോടുള്ള ബന്ധത്തിലും ദൈവവചനത്തിൽ വേരൂന്നിയും അഭിമുഖീകരിക്കുവാനും അതിജീവിക്കുവാനും നമ്മെ ശക്തീകരിക്കുന്ന ഒരു അനുഭവമായി നോമ്പ് അനുഭവങ്ങൾ തീരുവാൻ എല്ലാവരും പ്രാർത്ഥിക്കുകയും ജാഗ്രതയോടുകൂടി ആത്മീയ ശിക്ഷണത്തിൽ വളരുകയും വേണം എന്ന് ഓർമ്മിപ്പിക്കട്ടെ. പ്രവൃത്തിയില്ലാത്ത വിശ്വാസം നിരർത്ഥകമാണെന്ന് ദൈവത്തിന്റെ വചനം നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ സാക്ഷ്യം പ്രവൃത്തിയിലൂടെ വളർന്നുവരുന്ന നാളുകളായി നമ്മുടെ നോമ്പു നാളുകൾ തീരട്ടെ.

നാം പ്രവേശിക്കുന്ന പുതിയ മാസം നമ്മുടെ രാഷ്ട്രമായ ഭാരതം ഒരു പൊതു തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയാണ്. അടുത്ത 5 സംവത്സരക്കാലം നമ്മുടെ ഭാരതത്തെ നയിക്കേണ്ടത് ആരെന്ന് നിശ്ചയിക്കാനുള്ള ജനഹിത പരിശോധനയാണ് നടക്കുവാൻ പോകുന്നത്. രാഷ്ട്രീയ പാർട്ടികൾ ഇപ്പോൾ പുറത്തുവിട്ടുകൊണ്ടിരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടിക പരിശോധിച്ചാൽ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായ സമീപനങ്ങളുടെ ലക്ഷണമാണ് അവയിൽ കാണുന്നത് എന്ന് പറയേണ്ടിവന്നിരിക്കുന്നു. ഇന്നലെവരെ ഒരു രാഷ്ട്രീയ പാർട്ടിയുടെ വക്താക്കളായി നടന്നവർപോലും സ്ഥാനാർത്ഥി പട്ടികയിൽ പേരില്ലാതെ വരുമ്പോൾ കൂടുമാറ്റം നടത്തി തങ്ങൾ ഇന്നലെവരെ അതിനിശിതമായി വിമർശിച്ച പാർട്ടിയുടെ സ്ഥാനാർത്ഥിയായി രംഗപ്രവേശം ചെയ്യുന്നത് നമ്മുടെ രാഷ്ട്രീയത്തിന്റെ ഇന്നത്തെ അവസ്ഥയുടെ ലജ്ജാകരമായ ഒരു അവസ്ഥാവിശേഷത്തെയാണ് പ്രകടിപ്പിക്കുന്നത്. മാർഗ്ഗം ഏതായാലും തങ്ങളുടെ താല്പര്യം സംരക്ഷിക്കപ്പെടണം എന്നമട്ടിൽ ചിന്തിക്കുന്ന ഇത്തരം പ്രവണതകളിൽ നിന്ന് നമ്മുടെ രാഷ്ട്രീയരംഗം രക്ഷപെടുന്നതിനായി നാം പ്രത്യേകം പ്രാർത്ഥിക്കേണ്ട ഒരു കാലഘട്ടമാണിത്. ഇന്നത്തെ സഭകളിലും അനഭിലഷണീയമായ പല പ്രവണതകളും കടന്നുകൂടിക്കൊണ്ടിരിക്കുന്നു എന്നതും ഒരു യാഥാർത്ഥ്യമാണ്. ഭൗതിക സ്വത്തിനുവേണ്ടി ആദ്ധ്യാത്മികതയെ തിരസ്കരിച്ച് സഭാ നേതാക്കൾ പെരുവഴികളിൽ പ്രകടനം നടത്തുന്നതും ഭൗതിക സ്വത്തുക്കൾക്കുവേണ്ടി ക്രൈസ്തവ മൂല്യങ്ങളെയും ജനാധിപത്യ മൂല്യങ്ങളെയും ബലികഴിച്ചുകൊണ്ട് പോരാട്ടം നടത്തുന്നതും ക്രിസ്തീയ സഭകൾക്ക് ഭൂഷണമാണോ എന്ന് എല്ലാവരും ആത്മപരിശോധന നടത്തേണ്ടതാണ്. ഒരു സഭയുടെ ഭൂരിപക്ഷ വിശ്വാസികൾ പടുത്തുയർത്തിയതായ തങ്ങളുടെ സ്വത്തുക്കൾ കൂറുമാറിയ ഒരു ന്യൂനപക്ഷം അവകാശപ്പെടുന്നത്, നമ്മുടെ ന്യായപീഠങ്ങൾ അനുവദിച്ചാൽപ്പോലും, സഭയുടെ ക്രിസ്തീയ ദർശനത്തിന് ചേരുന്നതാണോ എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്. 40–ാം വെള്ളിയാഴ്ച നാം ധ്യാനിക്കുന്നത് പരീക്ഷകളെ അഭിമുഖീകരിച്ച നമ്മുടെ കർത്താവിന്റെ ഏറ്റവും സമുജ്ജ്വലവും സമുന്നതവുമായ മാതൃകയെക്കുറിച്ചാണ്. കർത്താവ് മൂന്ന് വെല്ലുവിളികളെയാണ് നേരിട്ടത്. 1) തനിക്ക് ദൈവദത്തമായി ലഭിച്ചിരിക്കുന്ന സാധ്യതകളെ തന്റെതന്നെ ഉദരപൂരണത്തിനുവേണ്ടി ഉപയോഗിക്കുവാനുള്ള വെല്ലുവിളി ഉയർന്നുവന്നപ്പോൾ മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല ജീവിക്കുന്നതെന്നും സകല മൂല്യങ്ങളുടെയും അടിസ്ഥാനമായ ദൈവവചനം കൊണ്ടാണ് ജീവിക്കേണ്ടതെന്നും ക്രിസ്തു നമ്മെ പഠിപ്പിക്കുന്നു. 2) പ്രകൃതിനിയമങ്ങളെപ്പോലും വെല്ലുവിളിച്ചുകൊണ്ട് ദൈവാലയത്തിന്റെ മുകളിൽ നിന്നും താഴേക്ക് ചാടി അത്തരം സാഹസിക പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ വൈകാരികതയെ ഉണർത്തി ജനങ്ങളെ ആകർഷിച്ച് കൂടെ നിർത്താനുള്ള പരീക്ഷയെ കർത്താവ് അഭിമുഖീകരിച്ചത് “നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്” എന്ന വചനം ഉദ്ധരിച്ചുകൊണ്ടാണ്. ഇന്നും ആത്മീയഗോളത്തിൽ പോലും വലിയ പ്രകടനങ്ങളിലൂടെ ജനങ്ങളെ ആകർഷിച്ച് കൂടെനിർത്താനുള്ള പ്രവണതകൾ വർദ്ധിച്ചുവരുന്നില്ലേ എന്ന് ചിന്തിക്കേണ്ടതാണ്. 3) സാത്താൻ കൊണ്ടുവന്ന രണ്ടു പരീക്ഷകളെയും കർത്താവ് ധീരമായി അഭിമുഖീകരിച്ച് വിജയിച്ചപ്പോൾ ലൗകീകമായ ശക്തിയിലൂടെ ഏതു മാർഗ്ഗത്തിലൂടെയായാലും ലക്ഷ്യം പിടിച്ചുപറ്റുവാനുള്ള പരീക്ഷയാണ് സാത്താൻ യേശുവിന്റെ മുമ്പിൽ പിന്നീട് അവതരിപ്പിച്ചത്. തന്റേതല്ലാത്ത പ്രപഞ്ചത്തിന്റെ സാധ്യതകൾ തന്റേതാണെന്ന് അവകാശപ്പെട്ടുകൊണ്ട് “വീണ് എന്നെ നമസ്ക്കരിച്ചാൽ ഇതൊക്കെയും നിനക്ക് തരാം” എന്ന നിർദ്ദേശവുമായി പിശാച് യേശുവിനെ പ്രലോഭിപ്പാൻ ശ്രമിച്ചപ്പോൾ ലക്ഷ്യം മാത്രം നന്നായാൽപ്പോരാ മാർഗ്ഗവും നന്നായിരിക്കണം എന്ന സന്ദേശം ഉൾക്കൊള്ളുന്ന

"നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ" എന്ന ദൈവവചനം ഉദ്ധരിച്ചുകൊണ്ട് കർത്താവ് മൂന്നാമത്തെ പരീക്ഷയുടെമേലും സമുന്നതമായ വിജയം കൈവരിക്കുന്നതാണ് നാം അവിടെ കാണുന്നത്. ലോകത്തിന്റേതായ മാർഗ്ഗങ്ങൾ സ്വീകരിക്കാതെ കുരിശിന്റെ വഴി തിരഞ്ഞെടുത്ത ക്രിസ്തുവിന്റെ മാതൃകയുടെ പൊരുൾ തിരിച്ചറിയാനും ആ മാതൃക സ്വീകരിക്കുവാനും ഇന്ന് ക്രിസ്തിയ സഭയോടും പൊതു സമൂഹത്തോടും കർത്താവ് ആവശ്യപ്പെടുന്നു എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. നാം ഇന്ന് ക്രിസ്തു കാണിച്ചുതന്ന വഴികളിലൂടെയാണോ സഞ്ചരിക്കുന്നത് എന്ന് ആത്മപരിശോധന നടത്തേണ്ട നാളുകളാണ് ഈ നോമ്പിന്റെ നാളുകൾ എന്ന് ഓർമ്മിപ്പിക്കട്ടെ.

മാർച്ച് മാസം 2-ാം തീയതി കണ്ടംപേരൂർ സെന്റ് പോൾസ് മാർത്തോമ്മാ ഇടവകയുടെ പുതിയ ദൈവാലയത്തിന്റെ കൂദാശ നിർവ്വഹിക്കുകയുണ്ടായി. റാന്നി മേഖലയിലെ ശ്രദ്ധേയമായ ഈ പള്ളി തങ്ങളുടെ കഴിവിനും അതീതമായ വിധത്തിൽ ഇടവക ജനങ്ങൾ വിഭവസമാഹരണം നടത്തി ക്രൈസ്തവസാക്ഷ്യത്തിന്റെ ഒരു നല്ല മാതൃകയായി പ്രതിഷ്ഠിക്കപ്പെട്ട ഒരു അനുഭവമായിരുന്നു ഈ പള്ളിയുടെ കൂദാശ എന്നു പറയുന്നതിൽ സന്തോഷമുണ്ട്. സീതത്തോട് ഗുരുനാഥമൺ ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയുടെ കൂദാശ മാർച്ച് 9-ാം തിയതി നിർവ്വഹിച്ചു. വനമേഖലയിൽ ഏറ്റവും കിഴക്കായി ഉൾപ്രദേശത്തുള്ള പള്ളിയത്രെ ഇത്. അവിടെയുള്ള കർഷകജനതയുടെ വിയർപ്പിന്റെ ഫലമായി ഉയർത്തപ്പെട്ട ഒരു പള്ളിയാണ് എന്നതിൽ നമുക്ക് അഭിമാനിക്കാം. മാർച്ച് 16-ാം തീയതി മുംബൈയിലുള്ള ചലൂൗഹ മാർത്തോമ്മാ ഇടവകയുടെ പുതിയ പള്ളിയുടെ കൂദാശ നിർവ്വഹിച്ചു. മാർത്തോമ്മാ സഭയിലും ഇതര സഭകളിലും നിർമ്മിച്ചിട്ടുള്ള പള്ളികളിൽ നിന്നും വ്യത്യസ്തമായി സമ്പൂർണ്ണമായി എയർ കണ്ടീഷൻ ചെയ്തതും പൂർണ്ണ സൗണ്ട് പ്രൂഫ് സംവിധാനമുള്ളതുമായ ഒരു പള്ളിയത്രെ ഇത് എന്നത് ശ്രദ്ധേയമായ ഒരു വസ്തുതയത്രെ. അതിനോടനുബന്ധിച്ച്, നവജീവനിൽ വളർന്നുവരുന്ന കുട്ടികളുടെ പുനരധിവാസത്തിനുള്ള ഹോസ്റ്റലും കൂദാശ ചെയ്യപ്പെട്ടു. മാർച്ച് 21-ാം തീയതി കളമശ്ശേരി സെന്റ് പോൾസ് മാർത്തോമ്മാ പള്ളിയുടെ പുനർനിർമ്മാണം ചെയ്ത മദ്ബഹായുടെ കൂദാശ നിർവ്വഹിച്ചു. മാർച്ച് 25-ാം തീയതി ചെമ്മരപ്പള്ളി ബെഥേൽ മാർത്തോമ്മാ ഇടവകയുടെ പുതിയ പാഴ്സനേജിന്റെ കൂദാശ നിർവ്വഹിച്ചു. മാർച്ച് 26-ാം തീയതി കായംകുളം മാർത്തോമ്മാ ഇടവകയുടെ ഒരു ചാപ്പലിന്റെ കൂദാശ നടത്തപ്പെട്ടു. ഈ ശുശ്രൂഷകൾക്കെല്ലാം മുഖ്യ കാർമ്മികത്വം വഹിപ്പാൻ തക്കവണ്ണം ദൈവം നമുക്ക് നൽകിയ വലിയ കൃപയ്ക്കായി ദൈവത്തെ സ്തുതിക്കുന്നു. മാർച്ച് 4-ാം തീയതി ആലുവ അദ്വൈത ആശ്രമത്തിന്റെ ആഭിമുഖ്യത്തിൽ ശിവരാത്രി ദിനത്തിൽ നടന്ന പ്രത്യേക സമ്മേളനത്തിലും മുഖ്യാതിഥിയായി പങ്കെടുത്ത് സന്ദേശം നൽകി. മാർച്ച് 8-ാം തീയതി കറ്റാനം സെന്റ് തോമസ് മിഷൻ ഹോസ്പിറ്റലിന്റെ നേഴ്സിംഗ് സ്കൂളിന്റെ സെക്കന്റ് ഫ്ളോറിന്റെ കൂദാശയ്ക്ക് നേതൃത്വം നൽകി. മാർച്ച് 19-ാം തീയതി കോട്ടയം മാർത്തോമ്മാ വൈദിക സെമിനാരിയിൽ നടന്ന ബിരുദദാന ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കുകയും ബിരുദദാന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. ശ്രീമതി ഉഷാ ടൈറ്റസ് ഐ.എ.എസ്. ആണ് മുഖ്യ സന്ദേശം നൽകിയത്. കോട്ടയം മാർത്തോമ്മാ വൈദിക സെമിനാരിയുടെ ചരിത്രത്തിലാദ്യമായിട്ടാണ് ഒരു വനിത ബിരുദദാന പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സന്ദേശം നൽകിയത് എന്നത് വളരെ ഹൃദ്യമായ ഒരനുഭവമായിരുന്നു. തെള്ളിയൂർ കെ.വി.കെ.യുടെ സിൽവർ ജൂബിലി ആഘോഷങ്ങൾ മാർച്ച് 22-ാം തീയതി നാം ഉത്ഘാടനം ചെയ്തു. മാർച്ച് 23-ാം തീയതി കുമളിയിലുള്ള പെരിയാർ ഹോസ്പിറ്റലിന്റെ സ്ഥാപകാംഗവും ആജീവനാന്തം അവിടെ താമസിച്ച് ശ്രേഷ്ഠമായ നേതൃത്വം നൽകുകയും ചെയ്തിട്ടുള്ള ഡോ. കെ.എം. തോമസിനെ അനുസ്മരിച്ച പ്രത്യേക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. അങ്കമാലി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായും ഡോ. കെ.എം.തോമസിന്റെ കുടുംബസുഹൃത്തുമായ മാർ യൂലിയോസ് മെത്രാപ്പോലീത്തായാണ് അനുസ്മരണ പ്രഭാഷണം നടത്തിയത്. മാർച്ച് 24-ാം തീയതി മല്ലപ്പള്ളി സെഹിയോൻ മാർത്തോമ്മാ ഇടവകയുടെ ആഡിറ്റോറിയത്തിൽവെച്ച് നടന്ന ടി.ജെ. വർക്കി ആശാൻ അനുസ്മരണ സംഗീത സായാഹ്നം നാം ഉത്ഘാടനം ചെയ്തു. 90 വർഷം മുമ്പ് കർത്തൃസന്നിധിയിലേക്ക് കടന്നുപോയ ടി.ജെ. വർക്കി ആശാൻ എഴുതിയ ഭക്തിസാന്ദ്രമായ പാട്ടുകൾ ഇന്നും അനേകായിരങ്ങൾക്ക് ആശ്വാസം പകർന്നുകൊണ്ടിരിക്കുന്നു എന്നതുകൊണ്ടുതന്നെ ഒരു ആശ്വാസഗായകനായി ജനഹൃദയങ്ങളിൽ ജീവിക്കുന്ന ടി.ജെ. വർക്കി ആശാനും അദ്ദേഹത്തിന്റെ പാട്ടുകൾക്കും മരണമില്ല എന്ന് നിസ്സംശയം പറയുവാൻ കഴിയും. മാർച്ച് 25-ാം തീയതി അമലഗിരി ടി.എം.എ.ഐ.സി. യുടെ വാർഷിക സമ്മേളനത്തിൽ മുഖ്യാതിഥിയായി ബിരുദദാന ചടങ്ങിന് നേതൃത്വം നൽകി. ഈ സംവത്സരത്തിൽ നമ്മുടെ മാർത്തോമ്മാ എം.റ്റി. & ഇ.എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ വിവിധ സ്കൂളുകളിൽ പ്രഥമാദ്ധ്യാപകരായും അദ്ധ്യാപകരായും സേവനം ചെയ്ത് റിട്ടയർ ചെയ്യുന്നവർക്ക് മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ആഭിമുഖ്യത്തിൽ നൽകിയ യാത്രയയപ്പ് സമ്മേളനം മാർച്ച് 22-ാം തീയതി ഉത്ഘാടനം ചെയ്യുകയും സ്നേഹോപഹാരങ്ങൾ സമ്മാനിക്കുകയും ചെയ്തു. നമ്മുടെ സഭയുടെ മൂന്ന് കോളേജുകളിൽ നിന്ന് പ്രിൻസിപ്പൽമാർ റിട്ടയർ ചെയ്യുകയാണ്. പുതിയ പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിന്റെ പ്രാരംഭ നടപടിയായി നിയോഗിക്കപ്പെട്ട കമ്മീഷനുകളുടെ റിപ്പോർട്ടുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. പുതിയ പ്രിൻസിപ്പൽമാരുടെ നിയമനവും കാലാവധി പൂർത്തിയാകാതെ സേവനത്തിൽത്തന്നെയുള്ള പ്രിൻസിപ്പൽമാരുടെ പുനർനിയമനവും സംബന്ധിച്ച നടപടികൾ നിയോഗിക്കപ്പെട്ട കമ്മീഷനുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാർച്ച് 31-ാം തീയതിയോടുകൂടി സ്വീകരിക്കുന്നതാണ്.

വെല്ലൂർ ആശുപത്രിയുടെ എക്സ്റ്റെൻഷൻ പ്രോജക്ടുകൾ നടന്നുകൊണ്ടിരിക്കുന്ന സ്ഥാനങ്ങളിൽ നമ്മുടെ സഭയുടേതായി ഗൈഡൻസ് സെന്ററുകൾ നിർമ്മിക്കുന്നതിനുള്ള വസ്തു ഇപ്പോൾ ലഭ്യമായിട്ടുണ്ട്. സ്ക്വയർ ഫീറ്റിന് 500 രൂപാ നിരക്കിൽ ഒരേക്കർ 85 സെന്റ് സ്ഥലം ഉടമ്പടിപ്രകാരം ആധാരം മാർച്ച് 29 ന് രജിസ്റ്റർ ചെയ്യുകയുണ്ടായി. ഹൈവേയുടെ സമീപം സ്ക്വയർ ഫീറ്റിന് 2500 രൂപാ വിലയുള്ള സ്ഥലത്താണ് 500 മീറ്റർ ഉള്ളിലേക്ക് മാറി ഒരു കോളനിയുടെ മധ്യത്തിൽ 30 അടി വീതിയുള്ള വഴി സൗകര്യത്തോടുകൂടി നമുക്ക് ഈ സ്ഥലം ലഭ്യമായത് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. വെല്ലൂർ ഹോസ്പിറ്റലിന്റെ മറ്റ് ചില ഡിപ്പാർട്ടുമെന്റുകൾ സമീപത്തുള്ള ആന്ധ്രാപ്രദേശിന്റെ അതിർത്തിക്കുള്ളിൽ സ്ഥാപിതമാകുവാൻ പോകുന്നിടത്ത് ഗൈഡൻസ് സെന്ററിനായി ഒന്നരയേക്കർ സ്ഥലം 45 ലക്ഷം രൂപയ്ക്ക് വാക്കുപറഞ്ഞ് അച്ചാരം നൽകുകയുണ്ടായി. ഈ പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്ന ദൈവകൃപയ്ക്കായി സ്തോത്രം കരേറ്റുന്നു.

അമേരിക്കയിലെ ഷിക്കാഗോയിൽ ലൂതറൻ സെമിനാരിയിൽ ഗവേഷണം പൂർത്തീകരിച്ച റവ. ബൈജു മർക്കോസ് അച്ചൻ ശ്രദ്ധേയമായ വിധത്തിൽ പി.എച്ച്.ഡി. തീസിസ് സമർപ്പിച്ച്, ഡിഫൻസ് പൂർത്തീകരിച്ച്, പിഎച്ച്.ഡി.യ്ക്ക് അർഹനായിത്തീർന്നിരിക്കുകയാണ്. ബിരുദദാന സമ്മേളനം മെയ് 19-ാം തീയതി ഷിക്കാഗോയിൽ നടക്കുന്നതാണ്.

നാം പ്രവേശിക്കുന്ന ഏപ്രിൽ മാസത്തിന്റെ ധ്യാനങ്ങൾ ആരംഭിക്കുന്നത് യെരുശലേമിലേക്കുള്ള യേശുവിന്റെ യാത്രയിൽ വഴിയരികിലിരുന്ന് യാചിച്ച ബർത്തിമായി എന്ന കുരുടനായ മനുഷ്യന് യേശു കാഴ്ച നൽകുന്ന സംഭവത്തെ ആധാരമാക്കിയാണ്. "യേശുവേ ദാവീദ് പുത്രാ എന്നോട് കരുണ തോന്നേണമേ" എന്ന് ബർത്തിമായി നിലവിളിച്ചപ്പോൾ ശിഷ്യസമൂഹം മിണ്ടാതിരിപ്പാൻ അവനെ ശാസിച്ചിട്ടും അവൻ തന്റെ പ്രത്യാശ മുറുകെപ്പിടിച്ച് നിലവിളിച്ചുകൊണ്ടേയിരുന്നു. യഹൂദന്മാരുടെ വിശ്വാസപ്രതീക്ഷയുടെ പ്രതീകമായ മ്ശിഹോയെ അവൻ ക്രിസ്തുവിൽ കണ്ടു. ഒരു അറബിഭാഷാ പണ്ഡിതൻ 'മ്ശിഹോ' എന്ന സുറിയാനി വാക്കിന്റെ അർത്ഥം വ്യാഖ്യാനിച്ചത് 'തലോടുന്നവൻ' എന്നാണ്. എത്രയോ ഹൃദ്യമായ ഒരു പരിഭാഷയാണിത്. നമ്മുടെ അനുകൂലതകളിലും പ്രതികൂലതകളിലും നമ്മെ തലോടുന്നവനാണ് മോറോൻ യേശു മ്ശിഹാ. യേശു അവന് കാഴ്ച നൽകിയപ്പോൾ ദൈവം ഭൂമിക്കു നൽകിയ ഏറ്റവും വലിയ കാഴ്ചയായ ദൈവപുത്രനായ ക്രിസ്തുവിനെ ബർത്തിമായി കണ്ണുനിറയെ കാണുകയും തന്റെ ജീവിതം തന്നെ ക്രിസ്തുവിനായി കാഴ്ചയായി സമർപ്പിക്കുകയും തനിക്ക് കാഴ്ചനൽകിയവനെ ആ യെരുശലേം യാത്രയിൽ അനുഗമിക്കുകയും ചെയ്തത് നമ്മുടെ മുമ്പിൽ വലിയൊരു മാതൃകയുടെ കാഴ്ചയാണ് സമർപ്പിക്കുന്നത്. തുടർന്ന് ഏപ്രിൽ 12-ാം തീയതി നാൽപ്പതാം വെള്ളിയാഴ്ച പരീക്ഷകളെ അതിജീവിച്ച കർത്താവ് എന്ന ചിന്താവിഷയമാണ് നാം ധ്യാനിക്കുന്നത്. ഈ കത്തിന്റെ ആരംഭഭാഗത്ത് ഇത് സംബന്ധിച്ച ചിന്തകൾ പങ്കുവെച്ചിട്ടുണ്ടല്ലോ. ഏപ്രിൽ 14 ഹോശന്നാ ഞായറാണ്. വൈദിക സെമിനാരി ദിനമായും നാം അന്ന് ആചരിക്കുന്നു. ഹോശന്നാ ഞായറാഴ്ച യേശുവിന് ലഭിച്ചത് ഒരു വലിയ വരവേല്പാണ്. എന്നാൽ യെരുശലേം നഗരത്തോടടുക്കുമ്പോൾ യേശു കരയുന്ന ഒരവസ്ഥ നാം കാണുന്നുണ്ട്. വെള്ളിയാഴ്ച താൻ അനുഭവിക്കാനിരിക്കുന്ന കഷ്ടതയെ ഓർത്തിട്ടല്ല യേശു കരഞ്ഞത് എന്ന് നാം ഓർക്കണം. തന്നെ ഇന്ന് ആവേശത്തോടെ സ്വീകരിക്കുന്നവർ ഏതാനും ദിവസങ്ങൾക്കു ശേഷം തന്നെ തള്ളിപ്പറഞ്ഞ് വ്യാഴാഴ്ചയുടെ രാത്രിയിൽ കൂട്ടമായിത്തന്നെ മലക്കം മറിയുവാൻ ഒരുങ്ങുന്ന ജനത്തിന്റെ അവസ്ഥയെ ഓർത്താണ് യേശു കരയുന്നത്. ഇന്നും യേശുവിനെ സ്തുതിക്കേണ്ടവർ, യേശുവിൽ നിന്നും അനുഗ്രഹം പ്രാപിച്ചവർ യേശുവിനെ തിരസ്ക്കരിക്കാനൊരുങ്ങുമ്പോൾ, യേശുവിനെ തള്ളിപ്പറയുവാൻ ഒരുങ്ങുമ്പോൾ നമുക്കുവേണ്ടി ജീവൻ നൽകിയവന്റെ കണ്ണുകൾ നിറയുന്നുണ്ട്. ആ കണ്ണുനീർത്തുള്ളികളിൽ നമ്മുടെ പശ്ചാത്താപത്തിന്റെ കണ്ണുനീർത്തുള്ളികൾകൂടി ചേരുമ്പോഴാണ് യഥാർത്ഥ രൂപാന്തരം നമ്മളിൽ സംഭവിക്കുന്നത്. കഷ്ടാനുഭവ ആഴ്ചയിലെ ഓരോ ധ്യാനവും വലിയ സത്യങ്ങൾ നമ്മെ പഠിപ്പിക്കുന്ന സംഭവങ്ങളാണ്. യേശുവിന്റെ ദൈവാലയ ശുദ്ധീകരണം, അത്തിയെ ശപിക്കുന്ന അനുഭവം, തന്റെ ശരീരവും രക്തവും പകർന്നു നൽകുന്നതിന്റെ പ്രതീകമായി നടന്ന വിശുദ്ധ കുർബ്ബാനയുടെ സ്ഥാപനം, കുരിശിൽകൂടി കർത്താവ് നേടിത്തന്ന രക്ഷയുടെ അനുഭവം, മൂന്നാം ദിവസത്തെ ഉയിർത്തെഴുന്നേല്പ് എന്നീ അനുഭവങ്ങളിലൂടെ നമ്മുടെ ചിന്തകൾ കടന്നുപോകുമ്പോൾ നമുക്ക് ലഭിക്കേണ്ടത് പുതിയൊരു ദർശനമാണ്. പ്രതികൂല സാഹചര്യങ്ങളെ പേടിച്ച് ശിഷ്യന്മാർ ഒരു മുറിക്കുള്ളിൽ ഒതുങ്ങിക്കൂടിയപ്പോൾ, അവർക്ക് സമാധാനത്തിന്റെ സന്ദേശവുമായി വാതിലടച്ചിരിക്കുമ്പോൾ തന്നെ അവരുടെ നടുവിൽ വന്നുനിന്ന് ഉയിർത്തെഴുന്നേറ്റ കർത്താവ് അവർക്ക് ധൈര്യം നൽകി. വാതിലടച്ച് അകത്തിരുന്ന അവസ്ഥയിൽ നിന്ന് പുതുനിയോഗം പ്രാപിച്ച് വാതിലിന് പുറത്തേക്കു വരുവാൻ അവരെ പ്രേരിപ്പിക്കുന്ന യേശുവിനെ നമുക്ക് കാണാം. എമ്മൗസിലേക്ക് പോയ രണ്ട് ശിഷ്യന്മാരുടെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്. അവർ നിരാശയിലാണ് എമ്മൗസിലേക്ക് യാത്ര പോയത്. എന്നാൽ ഉയിർത്തെഴുന്നേറ്റ കർത്താവ് അവരുടെ കൂടെ നടന്ന് അവരുടെ സംശയങ്ങളെ ദൂരീകരിച്ച് അവരെ സത്യത്തിലേക്ക് വഴി നടത്തി. അവർ അവനെ തങ്ങളുടെ ഭവനത്തിലേക്ക് ക്ഷണിച്ചു. അത്താഴത്തിനിരിക്കുമ്പോൾ അവൻ അപ്പം എടുത്ത് അനുഗ്രഹിച്ച് നുറുക്കി അവർക്കു കൊടുത്തു. ഉടനെ അവർ ഉയിർത്തെഴുന്നേറ്റ കർത്താവിനെ തിരിച്ചറിഞ്ഞു. എന്നാൽ അവർ പിന്നീട് ഉയിർപ്പിന്റെ സന്ദേശവുമായി വലിയ പ്രത്യാശയോടെ ധൈര്യശാലികളായി, രാപാർക്കുവാൻ അവർ ഭയപ്പെട്ടിരുന്ന ഇടത്തേക്കുതന്നെ മടങ്ങുന്ന കാഴ്ചയും നാം അവിടെ കാണുന്നു. ശിഷ്യന്മാരുടെ കൂട്ടത്തിന് ഉയിർത്തെഴുന്നേറ്റ കർത്താവ് ആദ്യം പ്രത്യക്ഷപ്പെടുമ്പോൾ തോമസ് അപ്പൊസ്തലൻ ആ കൂട്ടത്തിലില്ലായിരുന്നു. എന്നാൽ തോമസ് അപ്പൊസ്തലൻ കൂടി ചേർന്നുവരുന്ന ഒരു വേളയിൽ കർത്താവ് പ്രത്യക്ഷനാകുന്ന സംഭവമാണ് ഏപ്രിൽ 28-ാം തീയതി പുതുഞായറാഴ്ച നാം സഭയായി ധ്യാനിക്കുന്നത്. മറ്റ് ശിഷ്യന്മാർ "ഞങ്ങൾ കർത്താവിനെ കണ്ടു എന്ന് തോമാസിനോട് പറഞ്ഞപ്പോൾ ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുത് കാണുകയും ആണിപ്പഴുതിൽ വിരലിടുകയും അവന്റെ വിലാപ്പുറത്ത് കൈയ്യിടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല" എന്നാണ് തോമസ് മറുപടി പറഞ്ഞത്. സംശയാലുമായ തോമസ് അപ്പോസ്തലനെയല്ല, ഒരു ഗവേഷണ തീക്ഷ്ണതയോടുകൂടി ബൗദ്ധികമായ അവബോധത്തോടുകൂടി യഥാർത്ഥ സത്യങ്ങൾ കണ്ടെത്തുവാൻ ആഗ്രഹിക്കുന്ന ജിജ്ഞാസുവായ ഒരു ഗവേഷകനെയാണ് നാം തോമസ് അപ്പൊസ്തലനിൽ കാണുന്നത്. എന്നാൽ ഉയിർത്തെഴുന്നേറ്റ കർത്താവ് തോമസിന് പ്രത്യക്ഷപ്പെട്ടപ്പോൾ മനുഷ്യന്റെ ധാരണശക്തിക്ക് അതീതമായ തലത്തിൽ നിന്നുകൊണ്ട് 'എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ' എന്ന് പ്രതികരിക്കുന്ന തോമാസ് അപ്പൊസ്തലൻ സഭയുടെ അടിസ്ഥാന പ്രഖ്യാപനമാണ് അന്ന് നടത്തിയത്. ആദിമ ക്രൈസ്തവ സഭ സ്വീകരിച്ചതായ രക്ഷയുടെ അടയാളം യവനായ ഭാഷയിൽ 'മത്സ്യം' എന്ന അർത്ഥംവരുന്ന വാക്കായിരുന്നു. 'യേശുക്രിസ്തു', 'ദൈവപുത്രൻ', 'രക്ഷിതാവ്' എന്ന് അർത്ഥം വരുന്ന അക്ഷരങ്ങളാണ് ആ പദത്തിലുപയോഗിച്ചിരുന്നത്. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്തിനുശേഷമാണ് മത്സ്യം എന്ന അടയാളത്തിനു പകരം കുരിശ് എന്ന അടയാളം പ്രധാനമായും രക്ഷയുടെ അടയാളമായി മാറിയത് എന്ന് നാം ഓർക്കേണ്ടിയിരിക്കുന്നു. പത്രോസ് അപ്പൊസ്തലൻ 'ജീവനുള്ള ദൈവത്തിന്റെ മ്ശിഹോ' എന്ന് യേശുവിനേക്കുറിച്ച് പ്രഖ്യാപിച്ചു എങ്കിൽ തോമസ് അപ്പൊസ്തലൻ യഹൂദന്മാർ ദൈവത്തെ സംബോധന ചെയ്യുവാൻ ഉപയോഗിക്കുന്ന രണ്ടു വാക്കുകൾ ഉപയോഗിച്ചുകൊണ്ടാണ് 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്ന് പ്രഖ്യാപിച്ചത്. ആ വിശ്വാസമാണ് സഭയ്ക്ക് ഇന്നും പ്രഖ്യാപിക്കാനുള്ളത്. അതുകൊണ്ടാണ് 'സഭയ്ക്ക് ഏക അടിസ്ഥാനം തൻ കാന്തനാം ക്രിസ്തു' എന്ന് നാം ആരാധനയിൽ പാടുന്നത്. ഈ സാക്ഷ്യ പ്രഖ്യാപനം നമ്മുടെയും അനുദിന ജീവിതാനുഭവമായിരിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ,
26-03-2019

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**